## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 352** **28.11.2018 -ൽ മറുപടിക്ക്.**

### എ. പി. എൽ., ബി. പി. എൽ. കാർഡുടമകൾ

ചോദ്യം
**ശ്രീ.പി.സി. ജോർജ്**

മറുപടി
**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ)
1. ഗുണഭോക്താക്കളെ കണ്ടെത്തി.
2. അംഗീകൃത ഏജൻസി (സപ്ലൈകോ) മുഖേന സ്റ്റോക്ക് എഫ്.സി.ഐ യിൽ നിന്ന് വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടന്നുവരുന്നു.
3. ഇ-പോസ് സംവിധാനം ഏർപ്പെടുത്തി.
4. പരാതി പരിഹാര സംവിധാനത്തിന് ജില്ലാതലത്തിൽ ജില്ലാ പരാതി പരിഹാര ഓഫീസർമാരായി എ.ഡി.എം മാരെ നിയമിച്ചു.
5. സംസ്ഥാന ഭക്ഷ്യ കമ്മീഷനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ നിയമിച്ചു.
6. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.
7. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013ലെ വകുപ്പ് 40 പ്രകാരം കേരള സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 പ്രസിദ്ധീകരിച്ചു.
8. പൊതുവിതരണം സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.
9. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിനെക്കുറിച്ചുള്ള തുടർച്ചയായ അവലോകനം നടത്തുന്നതിന് കേരള സർവകലാശാലയുമായി ധാരണയായി.
10. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് ഉപഭോക്താക്കളിൽ എത്തിക്കുന്നത് വരെയുള്ള കാര്യങ്ങൾ ട്രാൻസ്പേരൻസി പോർട്ടലിലൂടെ സുതാര്യമാക്കി.
11. മുൻഗണനാ പട്ടിക നിരന്തരമായ പരിഷ്കരണത്തിന് വിധേയമാണ് എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കി, അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി നടന്നു കൊണ്ടിരിക്കുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര എ. പി. എൽ., ബി. പി. എൽ. കാർഡുടമകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) മുൻഗണനാ കാർഡുകൾ - 3513558

മുൻഗണനേതര കാർഡുകൾ - 4597544

| ജില്ല | മുൻഗണനാ കാർഡുകളുടെ എണ്ണം | മുൻഗണനേതര കാർഡുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 413458 | 475972 |
| കൊല്ലം | 317969 | 382107 |
| പത്തനംതിട്ട | 124772 | 200270 |
| ആലപ്പുഴ | 246425 | 312285 |
| കോട്ടയം | 191537 | 297297 |
| ഇടുക്കി | 153761 | 126283 |
| എറണാകുളം | 278486 | 522758 |
| തൃശ്ശൂർ | 321081 | 463941 |
| പാലക്കാട് | 342812 | 340631 |
| മലപ്പുറം | 395307 | 443342 |
| കോഴിക്കോട് | 308620 | 401563 |
| വയനാട് | 101132 | 97077 |
| കണ്ണൂർ | 195726 | 376108 |
| കാസർഗോഡ് | 122472 | 157910 |

(സി) അനധികൃതമായി ബി. പി. എൽ. കാർഡ് കൈവശം വെച്ചിരുന്നവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാർഡുകളിൽ എത്ര എണ്ണം അസാധുവാക്കി; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

(സി) ഉണ്ട്.

23/11/2018 വരെ ആകെ 273890 റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. മുഴുവൻ റേഷൻ കാർഡുകളും മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കി.

അസാധുവായ മുൻഗണനാ കാർഡുകളുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| തിരുവനന്തപുരം | 31042 |
| കൊല്ലം | 26083 |
| പത്തനംതിട്ട | 11240 |
| ആലപ്പുഴ | 16070 |
| കോട്ടയം | 14263 |
| ഇടുക്കി | 5137 |
| എറണാകുളം | 18239 |
| തൃശ്ശൂർ | 31183 |
| പാലക്കാട് | 28713 |
| മലപ്പുറം | 33546 |
| കോഴിക്കോട് | 28011 |

| | |
|---|---|
| വയനാട് | 5123 |
| കണ്ണൂർ | 15224 |
| കാസർഗോഡ് | 10016 |
| ആകെ | 273890 |

സെക്ഷൻ ഓഫീസർ